**പതിമൂന്നാം കേരള നിയമസഭ ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-2408**
**13/02/2013 ലെ മറുപടിക്ക്**

**ചീരക്കുഴി തടയണ നിർമ്മാണ പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കാൻ നടപടി**

**ചോദ്യം** | **ഉത്തരം**

**ശ്രീ.കെ.രാധാകൃഷ്ണൻ** | **ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | ജലവിഭവ വകുപ്പ് ചേലക്കര മണ്ഡലത്തിൽ ചീരക്കുഴി തടയണ നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ട് എത്ര കാലമായെന്നറിയാമോ? പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ചേലക്കര മണ്ഡലത്തിൽ ചീരക്കുഴി തടയണ നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ട് എത്ര കാലമായി എന്നത് സംബന്ധിച്ച വിവരങ്ങൾ ധന വകുപ്പിൽ ലഭ്യമല്ല. പ്രസ്തുത പദ്ധതിക്കുള്ള ഭരണാനുമതിക്കായി ജലവിഭവ വകുപ്പിൽ നിന്നും മുമ്പ് ഫയൽ ഈ വകുപ്പിന് ലഭിച്ചിരുന്നു. എന്നാൽ ചീരക്കുഴി തടയണ നിർമ്മാണത്തിനാവശ്യമായ ഫണ്ട് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചതിനു ശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിച്ചിരുന്നു. പിന്നീട് ലഭിച്ച നിവേദനത്തിൻെറ അടിസ്ഥാനത്തിൽ 2012-13 വർഷത്തെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്താനാകുമെങ്കിൽ അതിലേക്കായി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഭരണവകുപ്പു വഴി ഈ വകുപ്പിന് നൽകേണ്ടതാണ് എന്ന വിവരം 27.9.2012 ലെ 55975/എൻ.സി.ബി3/12/ധന നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ. യെ അറിയിച്ചിരുന്നു. ഇതു വരെയും ഇതു സംബന്ധിച്ച പുതിയ പ്രൊപ്പോസൽ ഈ വകുപ്പിന് ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | പിരിവ് (എ) യിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല |
| (സി) | രൂക്ഷമായ കുടിവെള്ള ക്ഷാമത്തിനും കൃഷിയിടങ്ങളിലെ വരൾച്ചയ്ക്കും പരിഹാരമായി ആവിഷ്കരിച്ചിട്ടുള്ള പ്രസ്തുത പദ്ധതിക്കാവശ്യമായ തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ ഫണ്ട് വകകൊള്ളിച്ചതിന് ശേഷമോ, നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട എം.എൽ.എ.യിൽ നിന്നും ലഭിക്കുന്ന മുറയ്ക്കോ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**